©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8 / Vol. VIII | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2019 മേയ് 28 / 28th May 2019 / 1194 ഇടവം 14 / 14th Idavam 1194 / 1941 ജ്യേഷ്ഠം 7 / 7th Jyaishta 1941 | നമ്പർ / No. 1261 |

## കേരള സർക്കാർ

### തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 24/2019/തൊഴിൽ.

*തിരുവനന്തപുരം, 2019 മാർച്ച് 24 / 1194 മീനം 10.*

**എസ്. ആർ. ഒ. നമ്പർ 365/2019.**—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2011 ജൂൺ 22-ാം തീയതിയിലെ സ.ഉ. (കൈ.) 70/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ജൂൺ 24-ാം തീയതിയിലെ 1244-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 381/2011-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2019.

92/1705/2019/S-28.

5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2018 സെപ്റ്റംബർ 6-ാം തീയതിയിലെ 134/ഇ1/2018/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2018 സെപ്റ്റംബർ 13-ാം തീയതിയിലെ 2346-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും, പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുമായി കൂടിയാലോചിച്ചശേഷം, കേരള സർക്കാർ സംസ്ഥാനത്തെ കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

### I. അടിസ്ഥാന വേതന നിരക്ക്

1. കലാ-ശിൽപ്പനിർമ്മാണ പ്രവർത്തനം (ലോഹം, ലോഹസങ്കരം, മരം, മൃഗങ്ങളുടെ കൊമ്പുകൾ, സിമന്റ്, കളിമണ്ണ്, പ്ലാസ്റ്റിക്, പ്ലാസ്റ്റർ ഓഫ് പാരീസ്, സ്റ്റോൺ തുടങ്ങിയവ കൊണ്ടുള്ളത്).

| *ക്രമ നമ്പർ* | *വിഭാഗം/തസ്തിക* | *അടിസ്ഥാന ദിവസവേതനം (രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | *അതിവിദഗ്ദ്ധ വിഭാഗം* | |
| | (എ) മാസ്റ്റർ ക്രാഫ്റ്റ്സ്മാൻ, ചീഫ് ആർട്ടിസ്റ്റ് | ₹ 720 |
| | (ബി) ക്രാഫ്റ്റ്സ്മാൻ, ആർട്ടിസ്റ്റ് | ₹ 650 |
| 2 | *വിദഗ്ദ്ധ വിഭാഗം* | |
| | ക്രാഫ്റ്റ്സ് അസിസ്റ്റന്റ്, ആർട്ട് അസിസ്റ്റന്റ്, മോൾഡ്മേക്കേഴ്സ്, ഡൈമേക്കേഴ്സ്, കാർവിംഗ് വർക്കേഴ്സ് | ₹ 580 |
| 3 | *അർദ്ധവിദഗ്ദ്ധ വിഭാഗം* | |
| | പോളിഷർ, കട്ടർ, ക്രാഫ്റ്റ്സ്, ആർട്ട് ഹെൽപ്പർ | ₹ 510 |

| (1) | (2) | (3) |
|---|---|---|
| 4 | *ഓഫീസ് ജീവനക്കാർ* | |
| | (1) മാനേജർ | ₹ 16,850 |
| | (2) സൂപ്പർവൈസർ | ₹ 15,030 |
| | (3) അക്കൗണ്ടന്റ്, ക്ലാർക്ക്, കാഷ്യർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ്, റിസപ്ഷനിസ്റ്റ്, ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്, സ്റ്റോർ കീപ്പർ, ഡ്രൈവർ | ₹ 11,740 |
| | (4) സ്റ്റോർ അസിസ്റ്റന്റ്, പായ്ക്കർ, പ്യൂൺ, വാച്ച്മാൻ, ഹെൽപ്പർ | ₹ 11,630 |
| | (5) ക്ലീനർ, സ്വീപ്പർ | ₹ 11,400 |

## II. ക്ഷാമബത്ത

മേൽ കാണിച്ച അടിസ്ഥാന വേതനത്തിന് പുറമെ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ (1998-99=100) 300 പോയിന്റിന് മുകളിൽ വരുന്ന ഓരോ പോയിന്റിനും ദിവസവേതനക്കാർക്ക് ₹ 1 (ഒരു രൂപ) നിരക്കിലും മാസ ശമ്പളക്കാർക്ക് ₹ 26 (ഇരുപത്തിയാറ് രൂപ) നിരക്കിലും ക്ഷാമബത്ത നൽകേണ്ടതാണ്.

## III. സർവീസ് വെയിറ്റേജ്

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിലോ ഒരു തൊഴിലുടമയുടെ കീഴിലോ അഞ്ച് വർഷമോ അതിൽ കൂടുതലോ സേവനകാലം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ അഞ്ചുവർഷത്തെ സേവന കാലയളവിനും പുതുക്കിയ അടിസ്ഥാന വേതനത്തിന്റെ അഞ്ച് ശതമാനമെന്ന നിരക്കിൽ പരമാവധി പതിനഞ്ച് ശതമാനമെന്ന പരിധിയിൽ, സർവ്വീസ് വെയിറ്റേജ് ആയി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി അനുവദിക്കേണ്ടതാണ്.

## IV. ഉയർന്ന വേതന സംരക്ഷണം

ഏതെങ്കിലും തൊഴിലാളിക്ക് ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതന നിരക്ക് നിലവിൽ ലഭിക്കുന്നിടത്ത് അങ്ങനെയുള്ള തൊഴിലാളിക്ക് അപ്രകാരമുള്ള ഉയർന്ന നിരക്ക് തുടർന്നും നൽകേണ്ടതാണ്.

V. മറ്റ് വ്യവസ്ഥകൾ

(1) എവിടെയെങ്കിലും ഏതെങ്കിലും വിഭാഗത്തിന് പീസ് റേറ്റോ അല്ലെങ്കിൽ കരാർ നിരക്കോ നടപ്പിലാക്കുന്നിടത്ത് മുകളിൽ നിശ്ചയിച്ച നിരക്കിൽ കുറയാതെ 8 മണിക്കൂർ ജോലിക്കുള്ള മിനിമം വേതനം നൽകേണ്ടതാണ്.

(2) മാസവേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗക്കാരുടെ ദിവസവേതനം, ക്ഷാമബത്ത അടക്കമുള്ള മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ചും ദിവസവേതനം നിശ്ചയിച്ച വിഭാഗക്കാരുടെ മാസവേതനം ക്ഷാമബത്ത അടക്കമുള്ള മൊത്തം ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും കണക്കാക്കേണ്ടതാണ്.

(3) ഏതെങ്കിലും വിഭാഗം ജീവനക്കാരെ ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അത്തരം ജീവനക്കാർക്ക് സമാന പദവിയിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ച നിരക്കിലുള്ള വേതനം ലഭിക്കുവാൻ അർഹതയുണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ആഷ തോമസ്,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2011 ജൂൺ 22-ാം തീയതിയിലെ സ.ഉ. (കൈ.) 70/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ജൂൺ 24-ാം തീയതിയിലെ 1244-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 381/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു. 2018 സെപ്റ്റംബർ 6-ാം തീയതിയിലെ 134/ഇ1/2018/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2018 സെപ്റ്റംബർ 13-ാം തീയതിയിലെ 2346-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട്

നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും ഇതിലേക്കായി രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുമായി കൂടിയാലോചിച്ചശേഷവും, പ്രസ്തുത വ്യവസായ മേഖലയിലെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G. O. (P) No. 24/2019/LBR.

*Dated, Thiruvananthapuram, 24th March, 2019 / 10th Meenam, 1194.*

**S. R. O. No. 365/2019.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G. O. (Ms.) No. 70/2011/LBR dated 22nd June, 2011 and published as S. R. O. No. 381/2011 in the Kerala Gazette Extraordinary No. 1244 dated 24th June, 2011. the Government of Kerala, after considering the objections and suggestions received on the draft proposal published under Notification No. 134/E1/2018/LBR dated 6th September, 2018 in the Kerala Gazette Extraordinary No. 2346 dated 13th September, 2018 as required under clause (b) of sub-section (1) of section 5 of the said Act in after consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Handicrafts Sector in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

## SCHEDULE

### I. **Rate of Basic Wages**

1. Craft, Sculpture Making (with metal, alloy, wood, animal horn, cement, clay, plastic, plaster of paris, stone etc.)

| *Sl. No.* | *Category/Designation* | *Daily Basic Wages* |
|---|---|---|
| 1 | *Highly Skilled* | |
| | (a) Master Craftman, Chief Artist | ₹ 720 |
| | (b) Craftman, Artist | ₹ 650 |
| 2 | *Skilled* | |
| | Crafts Assistant, Art Assistant, Moulders, Dye Makers, Carving Workers | ₹ 580 |
| 3 | *Semi Skilled* | |
| | Polisher, Cutter, Crafts, Art Helper | ₹ 510 |
| 4 | *Office Staff* | |
| | (1) Manager | ₹ 16,850 |
| | (2) Supervisor | ₹ 15,030 |
| | (3) Accountant, Clerk, Cashier, Computer Operator, Typist, Receptionist, Front Office Assistant, Storekeeper, Driver | ₹ 11,740 |
| | (4) Store Assistant, Packer, Peon, Watchman, Helper, | ₹ 11,630 |
| | (5) Cleaner, Sweeper | ₹ 11,400 |

### II. **Dearness Allowance**

In addition to the basic rates of wages, the employees shall be eligible for Dearness Allowance on the basis of Consumer Price Index Numbers (1998-99=100) published for the concerned District Headquarters by the

Department of Economics and Statistics, at the rate of ₹ 1 (One rupee) for daily waged employees and ₹ 26 (Rupees Twenty Six) for monthly waged employees for every increase of point above 300 points.

### III. Service Weightage

The employees who have completed a service period of five years or more in an establishment or under an employer, as on the date of commencement of this notification, shall be allowed service weightage included in their basic wages, at the rate of five percentage of the revised basic pay for every completed five years of service, subject to a maximum of fifteen percentage.

### IV. Protection for higher wages

Wherever any workman is actually in receipt of higher wages than the minimum rates of wages fixed in this notification, such workman shall continue to get such higher rate of wages.

### V. Other Provisions

(1) Wherever piece rate or contract rate is implemented for any category, such category of employee shall be paid minimum wages for eight hours of work which shall not be less than the rate fixed above.

(2) Daily wages of the monthly paid employees shall be calculated by dividing the monthly total wages by 26 and the monthly wages in respect of the daily paid employees shall be calculated by multiplying the total daily wages by 26.

(3) If any category of employee is not included in this notification, such employee shall be eligible to get wages at the rate of wages fixed for the employees of equal status.

By order of the Governor,

DR. ASHA THOMAS,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Government had earlier revised the minimum rates of wages payable to the employees employed in the Handicrafts sector in the State of Kerala as per notification issued under G. O. (Ms.) No. 70/2011/LBR dated 22nd June, 2011 and published as S. R. O. No. 381/2011 in the Kerala Gazette Extraordinary No. 1244 dated 24th June, 2011. The Government have now decided to revise the existing minimum rates of wages in the said industry sector, after considering the objections and suggestions received on the draft proposals issued as notification No. 134/E1/2018/LBR dated 6th September, 2018 and published in the Kerala Gazette Extraordinary No. 2346 dated 13th September, 2018 and in consultation with the advice of the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.